# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 919 30.01.2019 ലെ മറുപടി

## മണിയാർ ഡാമിന്റെ അറ്റകുറ്റപ്പണികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം : | | കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ പ്രളയത്തിൽ തകരാർ സംഭവിച്ച മണിയാർ ഡാമിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കിയോ; എന്തൊക്കെ തകരാറുകളാണ് ഉണ്ടായത്; അറ്റകുറ്റപ്പണിക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (എ) | മണിയാർ ബാരേജിന്റെ അറ്റകുറ്റപണികൾ പൂർത്തീകരണഘട്ടത്തിലാണ്. സ്പിൽവേ, ഗൈഡ് വാൾ, കനാൽ ഇൻടേക്ക് എന്നിവയ്ക്ക് പ്രളയം മൂലം കേടുപാടുകൾ സംഭവിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾക്ക് 112.9 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 50% പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പുരോഗതിയിലാണ്. |
| (ബി) | മണിയാർ ഡാമിന്റെ വയറിംഗ് സംവിധാനം തകരാറിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തകരാറിലായിട്ട് എത്ര വർഷമായെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഉണ്ട് ; മണിയാർ ബാരേജിന്റെ ഷട്ടറുകൾ അടിയന്തിര സാഹചര്യത്തിൽ പ്രവർത്തിപ്പിക്കാനാവാത്ത വിധം ഇലക്ട്രിക്കൽ സംവിധാനം പ്രവർത്തന രഹിതമായിട്ടില്ല. എന്നാൽ കാലപ്പഴക്കം കാരണം കേബിളുകൾ, സ്റ്റാർട്ടർ കപ്ലിംഗ്, ഇൻസുലേഷൻ എന്നിവയ്ക്ക് സാരമായ കേടുപാടുകൾ ഉള്ളതിനാൽ അടിയന്തിരമായി അറ്റകുറ്റപണി ചെയ്യേണ്ടതാണ്. ഇതിനായി പൊതുമരാമത്ത് (ഇലക്ട്രിക്കൽ) കാര്യാലയവുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ